# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,
തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി.16.01.2019.

## ദേശീയ വനം കായികമേളയിൽ കേരളത്തിന് മികച്ച നേട്ടം

ഛത്തീസ്ഗഡിലെ റായ്പൂരിൽ നടന്ന 24-ാംമത് ദേശീയ വനം കായികമേളയിൽ 26 സ്വർണ്ണം, 22 വെള്ളി, 22 വെങ്കലം, 15 നാലാംസ്ഥാനങ്ങൾ എന്നിവനേടി കേരളം മികച്ച നേട്ടം കൈവരിച്ചു. ഇന്ത്യൻ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, വന വികസന-ഗവേഷണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള കായികതാരങ്ങൾ പങ്കെടുത്ത മേളയിൽ 249 പോയിന്റ് നേടി കേരളം നാലാം സ്ഥാനത്തെത്തി. വെറ്ററൻ വനിതാ വിഭാഗത്തിൽ കേരളത്തിലെ റോസ്മേരി 5 സ്വർണ്ണവും ഒരു വെള്ളിയുമായി വ്യക്തിഗത ചാമ്പ്യൻഷിപ്പും നേടി.

മൂന്ന് പോയിന്റുകളുടെ വ്യത്യാസത്തിലാണ് കേരളത്തിന് മൂന്നാം സ്ഥാനം നഷ്ടപ്പെട്ടത്. കഴിഞ്ഞ വർഷം ഹൈദ്രാബാദിൽ നടന്ന ദേശീയ വനം കായികമേളയിൽ 200 പോയിന്റുകളോടെ കേരളം അഞ്ചാം സ്ഥാനത്തായിരുന്നു. കേരളത്തിലെ വനം സർക്കിളുകൾ, വനവികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള 65 പേരെമാത്രമാണ് ഇത്തവണ കായികമേളയിൽ പങ്കെടുപ്പിച്ചത്. പ്രളയദുരിതത്തിന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായാണ് കായികതാരങ്ങളുടെ എണ്ണം കുറച്ചത്. 252 പൊയിന്റു നേടി മൂന്നാംസ്ഥാനത്തെത്തിയ മധ്യപ്രദേശ് ടീമിൽ 183 അംഗങ്ങൾ ഉണ്ടായിരുന്നു. 602 പോയിന്റുകളോടെ ഛത്തീസ്ഗഡ് ഒന്നാം സ്ഥാനവും 484 പോയിന്റുകളോടെ കർണ്ണാടക രണ്ടാം സ്ഥാനവും നേടി.

24 സ്റ്റേഡിയങ്ങളിലായിട്ടാണ് ദേശീയ വനം കായികമേള നടന്നത്. റായ്പൂരിലെ കോട്ടയിലുള്ള സ്വാമി വിവേകാനന്ദ സ്റ്റേഡിയമായിരുന്നു മുഖ്യവേദി. മേളയിലെ 268 ഇനങ്ങളിൽ അത്‌ലറ്റിക്സ്, ബാഡ്മിറ്റൺ, ഭാരോദ്വഹനം, ചെസ്സ്, ഫുട്ബോൾ, വോളിബോൾ, ഷൂട്ടിംങ്, നീന്തൽ തുടങ്ങി 110-ഓളം ഇനങ്ങളിൽ സംസ്ഥാന വനം വകുപ്പ് കായികതാരങ്ങൾ മാറ്റുരച്ചു. അടിസ്ഥാനവിഭാഗം ജീവനക്കാർ മുതൽ ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ വരെ ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

മുഖ്യവനം മേധാവി പി.കെ. കേശവൻ, സ്റ്റേറ്റ് സ്പോർട്സ് ഓഫീസറും അസി. ഫോറസ്റ്റ് കൺസർവേറ്ററുമായ ആർ. ശിവപ്രസാദ്, ഫോറസ്റ്റ് കൺസർവേറ്ററായ ഐ. സിദ്ദിഖ്, ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർമായ സുജിത്ത്, ജോജോ, അസി. ഫോറസ്റ്റ് കൺസർവേറ്ററായ വിനയൻ എന്നിവർ കായികമേളയ്ക്ക് നേതൃത്വം നൽകി.

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

Photo attached

FIBPR-68